## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ : 2841** **17.06.2019-ൽ മറുപടിയ്ക്ക്**

### എക്സൈസ് വകുപ്പിലെ പുതിയ തസ്തികകൾ

**ചോദ്യം**
**ശ്രീ. വി. അബ്ദുറഹിമാൻ**

**ഉത്തരം**
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

എ) ഉണ്ട് ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എക്സൈസ് വകുപ്പിൽ 244 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളുടെ ജില്ല, തസ്തിക, എണ്ണം എന്നിവ തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | തസ്തികകൾ, എണ്ണം, എന്നിവ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | A | B | C | D | E | F | G | H | I |
| | സർക്കിൾ ഇൻസ്പെക്ടർ | ഇൻസ്പെക്ടർ | പ്രിവന്റീവ് ഓഫീസർ | സിവിൽ എക്സൈസ് ഓഫീസർ | വനിതാ സിവിൽ എക്സൈസ് ഓഫീസർ | എക്സൈസ് ഡ്രൈവർ | പാർട്ട്-ടൈം-സ്വീപ്പർ | ജൂനിയർ സയന്റിഫിക് ഓഫീസർ | ലാബ് അസിസ്റ്റന്റ് |
| സംസ്ഥാന തലം | 8 | 6 | | | | | | 1 | 1 |
| ജില്ലാ തലം | | | | | | | | | |
| തിരുവനന്തപുരം | | | 2 | 9 | 12 | 1 | | | |
| കൊല്ലം | | | 2 | 9 | 9 | 1 | | | |
| ആലപ്പുഴ | | | | | 9 | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പത്തനംതിട്ട | | | | | 7 | | | | |
| കോട്ടയം | | | | | 11 | | | | |
| ഇടുക്കി | | | 4 | 14 | 10 | 2 | 1 | | |
| എറണാകുളം | | | | | 15 | | | | |
| തൃശ്ശൂർ | | | | | 13 | | | | |
| പാലക്കാട് | | | | | 13 | | | | |
| മലപ്പുറം | | | 2 | 5 | 9 | 1 | 1 | | |
| കോഴിക്കോട് | | | 2 | 9 | 9 | 1 | | | |
| വയനാട് | | | | | 3 | | | | |
| കണ്ണൂർ | | | 2 | 9 | 12 | 1 | | | |
| കാസർഗോഡ് | | | 2 | 9 | 6 | 1 | | | |
| | 8 | 6 | 16 | 64 | 138 | 8 | 2 | 1 | 1 |
| **ആകെ** | | | 244 | | | | | | |

ഇതിനു പുറമെ സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' പദ്ധതിയിലേയ്ക്കായി മൂന്നു റിസർച്ച് ഓഫീസർ, 14 ജില്ലാ മിഷൻ കോർഡിനേറ്റർ, 14 ജില്ലാ മാനേജർ എന്ന പ്രകാരം ആകെ 31 തസ്തികകളും 08/02/2019 ലെ ജി.ഒ(എം.എസ്) നമ്പർ 8/2019/നി.വ പ്രകാരം താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിൽ ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) 995

| തസ്തിക | എണ്ണം |
|---|---|
| എക്സൈസ് ഇൻസ്പെക്ടർ | 20 |
| സിവിൽ എക്സൈസ് ഓഫീസർ | 656 |
| വനിത സിവിൽ എക്സൈസ് ഓഫീസർ | 265 |
| ഡ്രൈവർ | 19 |
| ഓഫീസ് അറ്റൻഡന്റ് | 27 |
| ടൈപ്പിസ്റ്റ് | 5 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| **ആകെ** | **995** |

(സി) എക്സൈസ് വകുപ്പിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എക്സൈസ് വകുപ്പിൽ 138 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്

ഡി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം

1) 244 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

2) ബോധവൽക്കരണ

| | | |
|---|---|---|
| വിശദവിവരം ലഭ്യമാക്കുമോ? | : | പ്രവർത്തനങ്ങളിലൂടെ 'ലഹരി വർജ്ജനം' എന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പിലാക്കുന്നതിനായി 'വിമുക്തി മിഷൻ' രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 14 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികകൾ താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.<br>3) 138 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>4) പുതുതായി രൂപീകരിച്ച 6 താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകളും നിലമ്പൂർ, ദേവികുളം എന്നീ സ്ഥലങ്ങളിൽ ഓരോ ജനമൈത്രി എക്സൈസ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുള്ളതാണ്.<br>5) സേനാ വിഭാഗങ്ങളിൽ എക്സൈസ് വകുപ്പ് കേരളത്തിൽ ആദ്യമായി ഡിജിറ്റൽ വയർലസ് സിസ്റ്റം പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നു. മറ്റു ജില്ലകളിലും ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ |

സ്വീകരിച്ചു വരുന്നു.

6)എക്സൈസ് വകുപ്പിൽ വനിതാ പട്രോളിംഗ് സ്ക്വാഡ് രൂപീകരിച്ച് 147 സ്കൂട്ടറുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്.

7)എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് പുതിയ XYLO വാഹനവും ഫീൽഡ് ഓഫീസുകൾക്ക് 12 പുതിയ ബൊലേറോ വാഹനങ്ങളും വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ 70 നാലു ചക്രവാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

8)എക്സൈസ് ചെക്ക് പോസ്റ്റുകളിൽ CCTV ക്യാമറകൾ സ്ഥാപിക്കുകയും, ഇരുചക്രവാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതുമാണ്. 20 ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**